ജി.(2)56839/2017. സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 19.12.2017.

## സർക്കുലർ-നമ്പർ 54/2017

വിഷയം: സഹകരണ വകുപ്പ്-ഓഖി ചുഴലിക്കാറ്റ്-സഹകരണ സ്ഥാപനങ്ങളുടെ പൊതു നന്മ ഫണ്ട്-സംഭാവന നൽകുന്നത്-സംബന്ധിച്ച്.

സൂചന: 15.12.2017-ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിലെ തീരുമാനം.

................

ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ദുരിതം അനുഭവിക്കുന്ന മത്സ്യ തൊഴിലാളി കുടുംബങ്ങൾക്കും ദുരിതബാധിതർക്കും സഹായം ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സഹകരണ സംഘങ്ങളുടെ പൊതു നന്മ ഫണ്ടിൽ നിന്നും ഒരു വിഹിതം ആയതിലേയ്ക്ക് സംഭാവനയായി നൽകുവാൻ സംഘങ്ങളോട് ആവശ്യപ്പെടുന്നതിന് സൂചന പ്രകാരം തീരുമാനിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സഹകരണ സ്ഥാപനങ്ങൾ അവരുടെ പൊതു നന്മ ഫണ്ടിൽ നിന്നും മുഖ്യമന്ത്രിയുടെ ഓഖി ദുരിതാശ്വാസ നിധിയിലേയ്ക്ക് തുക അടച്ചശേഷം ടി വിവരം അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ജോയിന്റ് രജിസ്ട്രാർമാർ ആയത് ക്രോഡീകരിച്ച് നിശ്ചിത പ്രൊഫോർമയിൽ സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ 2018-ജനുവരി 31 -നകം ലഭ്യമാക്കേണ്ടതുമാണ്.

ചെക്ക്/ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം മുഖേനയോ തുക നേരിട്ടോ അടയ്ക്കാവുന്നതാണ്. തുക നേരിട്ട് അടയ്ക്കുന്നവർ എസ്.ബി.ഐ. സിറ്റി ബ്രാഞ്ചിലെ <u>അക്കൗണ്ട് നമ്പർ 67319948232</u> (ഐ.എഫ്.എസ്.സി. കോഡ് SBIN0070028) എന്ന അക്കൗണ്ടിലും ചെക്ക് ആയോ ഡി.ഡി. ആയോ അയയ്ക്കുന്നവർ **പ്രിൻസിപ്പൽ സെക്രട്ടറി (ഫിനാൻസ്), ട്രഷറർ, ചീഫ് മിനിസ്റ്റേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം, 695001, കേരള** എന്ന അഡ്രസ്സിലോ അയക്കേണ്ടതാണ്.

## ഓഖി ചുഴലിക്കാറ്റ് സംഭാവന നൽകിയതിന്റെ വിവരം

## ലഭ്യമാക്കുന്നതിനുള്ള പ്രോഫോർമ

പ്രൊഫോർമ- (എ)

ജില്ല:

| സംഘത്തിന്റെ പേര് | അടച്ച തുക | ചെക്ക് നമ്പർ/ഇലക്ട്രോണിക് ട്രാൻസ്ഫർ നടത്തിയതിന്റെ വിശദാംശം | തീയതി |
|---|---|---|---|
| | | | |

ഒപ്പ്
സി.എം.അജേയ്യമോഹൻ
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

പകർപ്പ്:

1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
2. എല്ലാ അപ്പെക്സ് സ്ഥാപനങ്ങൾക്കും.
3. ജനറൽ മാനേജർ, എല്ലാ ഡി.സി.ബി. കളും.
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
5. എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
6. വെബ്സൈറ്റ്
7. എഡിറ്റർ സഹകരണ വീഥി
8. സ്റ്റോക്ക് ഫയൽ.

// ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)